# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2346** **18/06/2014-ൽ മറുപടിക്ക്**

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ധനകാര്യ വകുപ്പിന്റെ പരിശോധന

**ചോദ്യം** **മറുപടി**

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

**ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ; | (എ) & (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ M/s. B. Braun Medicals (India) Ltd. ന്റെ മാത്രം Price Bid-ന്റെ അടിസ്ഥാനത്തിൽ മരുന്നു സംഭരണം നടത്തിയ ഇനത്തിൽ സർക്കാരിന് ധനനഷ്ടമുണ്ടായതായി ധന വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ